# യോഹന്നാന്റെ ജീവപഠനം

## ദൂത് പന്ത്രണ്ട്

## ദുർന്നടപ്പുകാർക്ക് വേണ്ടത് ജീവന്റെ സംതൃപ്തി

## (2)

## III. ജീവനുള്ള വെള്ളം ലഭിക്കുന്നതിനുള്ള മാർഗ്ഗം

യോഹന്നാൻ 4:15-26-ൽ ജീവനുള്ള വെള്ളം ലഭിക്കുന്നതിനുള്ള മാർഗ്ഗം നാം കാണുന്നു. ജീവനുള്ള വെള്ളം നല്ലതാണ്, എന്നാൽ അത് ലഭിക്കുവാൻ നമുക്ക് വഴിയില്ലെങ്കിൽ നമുക്കത് ഒന്നുമല്ല. ആശ്ചര്യകരവും ഉൽകൃഷ്ടവുമായ ഒന്ന് സ്വർഗ്ഗത്തിലുണ്ടെങ്കിലും, നമുക്കത് അപ്രാപ്യമാണെങ്കിൽ എന്തു ഗുണമാണുള്ളത്? എന്നാൽ ഇവിടെ നാം ജീവനുള്ള വെള്ളവും, അത് ലഭിക്കുവാനുള്ള മാർഗ്ഗവും കാണുന്നു.

കർത്താവായ യേശു ലളിതമനസ്കനും മിതഭാഷിയും, എന്നാൽ പ്രബലനായ പ്രസംഗകനും ആയിരുന്നു. അവൻ ഒരു പ്രഭാഷണം ചെയ്തില്ല; അവൻ ശമര്യക്കാരി സ്ത്രീയുമായി അല്പനേരം സംസാരിച്ചതേയുള്ളു. ആ ചെറിയ സംഭാഷണത്താൽ അവൾ ആകൃഷ്ടയായി. എല്ലാ ചെറുപ്പക്കാരും സുവിശേഷ പ്രസംഗത്തിന്റെ രീതി യോഹന്നാൻ നാലാം അദ്ധ്യായത്തിൽനിന്ന് പഠിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സുവിശേഷപ്രസംഗത്തിന്റെ ഒരു നല്ല ഉദാഹരണമാണ് ഈ അദ്ധ്യായം. ഒരു പാപിയോട് എങ്ങനെ സംസാരിക്കണം എന്ന് നാമെല്ലാവരും പഠിക്കണം.

### A. പാപി ജീവനുള്ള വെള്ളം ചോദിച്ചു

ശമര്യക്കാരി സ്ത്രീ ആകർഷിക്കപ്പെടുകയും കർത്താവിനോട് ജീവനുള്ള വെള്ളം ചോദിക്കുകയും ചെയ്തു. "സ്ത്രീ അവനോട് യജമാനനേ, എനിക്കു ദാഹിക്കാതെയും ഞാൻ കോരുവാൻ ഇവിടുത്തോളം വരാതെയുമിരിക്കേണ്ടതിന് ആ വെള്ളം എനിക്കു തരണം, എന്നു

പറഞ്ഞു"(4:15). കർത്താവ് നല്ലൊരു പ്രസംഗകനായിരുന്നു."ഞാൻ ആരാണെന്നും, ദൈവത്തിന്റെ ദാനവും ഞാൻ നൽകുന്ന ജീവനുള്ള വെള്ളവും നീ അറിഞ്ഞിരുന്നു എങ്കിൽ തീർച്ചയായും നീ അത് ചോദിക്കുമായിരുന്നു"എന്ന് അവൻ പറഞ്ഞതായി തോന്നും. സ്ത്രീ ഉടനെ അത് ചോദിച്ചു. ജനത്തോടുള്ള നമ്മുടെ ബുദ്ധിശൂന്യമായ സംസാരത്തിൽ, നാം സംസാരിക്കുന്തോറും നാം അവരെ കൂടുതൽ അകറ്റി നിർത്തുന്നു. എന്നാൽ കർത്താവായ യേശു വളരെ ചുരുക്കമായി സംസാരിക്കുകയും, സ്ത്രീ ആകർഷിക്കപ്പെടുകയും, ജീവനുള്ള വെള്ളം ആവശ്യപ്പെടുകയും ചെയ്തു.

### B. അത് ലഭിക്കുവാനുള്ള മാർഗ്ഗം രക്ഷകൻ അവളോട് പറഞ്ഞു

#### *1. അവളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ച് ഏറ്റുപറയുവാൻ- "ഭർത്താക്കൻമാർ"*

സ്ത്രീ കർത്താവിനോട് വെള്ളം ആവശ്യപ്പെട്ടപ്പോൾ അനുതപിച്ച് തന്റെ പാപങ്ങൾ പൂർണ്ണമായി ഏറ്റുപറയണം എന്നു പറഞ്ഞുകൊണ്ട് അവൻ അവളെ ശാസിച്ചില്ല. കർത്താവ് സാവകാശമായും സൗമ്യമായും ഇങ്ങനെ പറഞ്ഞു."പോയി ഭർത്താവിനെ വിളിച്ചുകൊണ്ടു വരുക"(4:16)."എനിക്ക് നിന്റെ ഭർത്താവിനെ വേണം. നീ എന്നോട് ജീവനുള്ള വെള്ളം ചോദിക്കുന്നു; ഞാൻ നിന്നോട് ഭർത്താവിനെ ചോദിക്കുന്നു. നമുക്ക് ഇടപാട് നടത്താം. ജീവനുള്ള വെള്ളത്തിനു പകരം നീ നിന്റെ ഭർത്താവിനെ തരുക,"എന്ന് കർത്താവ് പറഞ്ഞതായി തോന്നും. തന്റെ പാപങ്ങളെക്കുറിച്ച് അവൾ അനുതപിക്കേണ്ടതിന് അവളുടെ അസ്സന്മാർഗ്ഗജീവചരിത്രംകൊണ്ട് മനസ്സാക്ഷിയെ സ്പർശിക്കുക എന്നതായിരുന്നു ഈ വാക്കിന്റെ ഉദ്ദേശ്യം."എനിക്ക് ഭർത്താവ് ഇല്ല എന്നു സ്ത്രീ അവനോട് ഉത്തരം പറഞ്ഞതിന്, എനിക്കു ഭർത്താവ് ഇല്ല എന്നു നീ പറഞ്ഞതു ശരി. അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു; ഇപ്പോൾ ഉള്ളവനോ ഭർത്താവല്ല; നീ പറഞ്ഞതു സത്യം തന്നെ,"എന്നു യേശു പറഞ്ഞു. സ്ത്രീ പറഞ്ഞത് കള്ളമോ, സത്യമോ? അതൊരു സത്യമായിരുന്നു, എന്നാലും അതൊരു കള്ളമായിരുന്നു. സത്യം സംസാരിച്ചുകൊണ്ട് അവൾ കള്ളം പറഞ്ഞു. അതൊരു സത്യസന്ധമായ കള്ളമായിരുന്നു. വീണുപോയ മനുഷ്യന്റെ വഞ്ചിക്കുന്ന പ്രകൃതമാണ് ഇത്. എങ്കിലും കർത്താവ് അവളെ ശാസിക്കാതെ അവളോട് സൗമ്യമായി പെരുമാറി. മാത്രമല്ല അവൻ അവളെ അഭിനന്ദിച്ചുകൊണ്ട്,"എനിക്കു ഭർത്താവില്ല എന്നു നീ പറഞ്ഞതു ശരി. അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു; ഇപ്പോൾ ഉള്ളവനോ ഭർത്താവല്ല; നീ പറഞ്ഞതു സത്യം തന്നെ,"എന്നു പറഞ്ഞു (4:17-18). സ്ത്രീ അവനോട്, "യജമാനനേ നീ പ്രവാചകൻ എന്നു ഞാൻ കാണുന്നു,"എന്നു പറഞ്ഞു, കർത്താവിന്റെ വാക്കുകൾ അവളെ

ഭയപ്പെടുത്തി. അവൾ ഇപ്രകാരം പറയുന്നതായി കരുതാം,"ഈ മനുഷ്യൻ ഒരു യെഹൂദനല്ലേ? ഇവൻ ഞങ്ങളുടെ പട്ടണത്തിൽ ഒരിക്കലും താമസിച്ചിട്ടില്ല. ഇവൻ എങ്ങനെ എന്റെ പശ്ചാത്തലം അറിയുവാനിടയായി? എനിക്ക് അഞ്ച് ഭർത്താക്കന്മാർ ഉണ്ടായിരുന്നു എന്നും, ഇപ്പോൾ എനിക്കുള്ളവൻ എന്റെ ഭർത്താവല്ല എന്നും ആരാണ് ഇവനോട് പറഞ്ഞത്?"സുവിശേഷം പറയേണ്ടതായ രീതി ഇതാണ്. ജനത്തോട് വ്യർത്ഥമായി സംസാരിക്കാതെ അവരുടെ മനഃസാക്ഷിയെ സ്പർശിക്കുക; അവരെ കുറ്റപ്പെടുത്തിക്കൊണ്ടല്ല, മറിച്ച് അവരെ തുറന്നു കാണിക്കുന്ന വിധത്തിൽ. കർത്താവിന്റ കൃപയും ജ്ഞാനവും നിറഞ്ഞ വാക്കുകൾ ആ സ്ത്രീയുടെ മനസ്സാക്ഷിയെ സ്പർശിച്ചു. സുവിശേഷം ശുശ്രൂഷിക്കുവാനുള്ള ശരിയായ മാർഗ്ഗം ജനങ്ങളുടെ മനസ്സാക്ഷിയെ സ്പർശിക്കുക എന്നതാണ്.

ശമര്യക്കാരി സ്ത്രീയുടെ ദാഹം അവളെ അനേക തെറ്റുകളിലേക്ക് നയിച്ചിരുന്നു. അവൾക്ക് അഞ്ചു ഭർത്താക്കന്മാർ ഉണ്ടായിരുന്നു. അപ്പോൾ കൂടെയുള്ളയാൾ ഭർത്താവുമല്ലായിരുന്നു. തനിക്ക് തൃപ്തി ലഭിക്കുവാൻ ഭൗതിക കാര്യങ്ങൾ അവൾ അന്വേഷിച്ചു, എന്നാൽ ലഭിച്ചത് അതൃപ്തി മാത്രം. ആറു പുരുഷന്മാർ, ഒരിക്കലും ജനത്തെ തൃപ്തിപ്പെടുത്തുവാൻ കഴിയാത്ത ഭൗതികവും വസ്തുമയവുമായ കാര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നു.

ഭൗതിക കാര്യങ്ങൾക്കു പുറമെ മതത്തിലൂടെയും തൃപ്തി കണ്ടെത്തുവാൻ അവൾ ശ്രമിച്ചു. അവൾ ഇപ്രകാരമുള്ള ഒരു സാധാരണ വ്യക്തി ആയിരുന്നുവെങ്കിലും അവൾ മതഭക്ത ആയിരുന്നു. ബലഹീനയായിരുന്നിട്ടും അവൾ മതത്തെക്കുറിച്ച് സംസാരിച്ചത് വിചിത്രം തന്നെ. വെറും മതത്തിന് ഒരിക്കലും സഹായിക്കുവാൻ കഴിയുകയില്ല. കൂടാതെ, അവൾക്ക് പാരമ്പര്യം ഉണ്ടായിരുന്നു; യാക്കോബിന്റെ കിണർ പാരമ്പര്യ പ്രകാരമുള്ള കാര്യങ്ങളെ കാണിക്കുന്നു. തന്റെ പിതാക്കന്മാരിൽ നിന്ന് അവകാശമായി ലഭിച്ച പരമ്പരാഗതമായ പൈകൃതം അവൾക്കുണ്ടായിരുന്നു. എന്നാൽ തന്റെ പാരമ്പര്യത്തിന്റെ പൊള്ളത്തരം അവൾ പെട്ടെന്ന് കണ്ടെത്തി. അതുകൊണ്ട് ഈ ശമര്യക്കാരി സ്ത്രീക്ക് മൂന്ന് വകുപ്പിൽപെട്ട കാര്യങ്ങളുണ്ട്: ഭൗതിക കാര്യങ്ങൾ, മതപരമായ കാര്യങ്ങൾ, പാരമ്പര്യപ്രകാരമുള്ള കാര്യങ്ങൾ. മനുഷ്യജീവിതത്തിൽനിന്ന് ലഭിക്കാവുന്ന സകലവും ഈ മൂന്ന് കാര്യങ്ങൾ പ്രതിനിധാനം ചെയ്യുന്നു. ഭൗതികവും മതപരവും പാരമ്പര്യപ്രകാരവുമല്ലാത്ത യാതൊന്നും മനുഷ്യജീവിതത്തിൽ ഇല്ല. ഭൗതികവും മതപരവും പാരമ്പര്യപ്രകാരവുമായ കാര്യങ്ങൾക്കൊന്നും മനുഷ്യനെ ഒരിക്കലും തൃപ്തിപ്പെടുത്തുവാൻ കഴിയുകയില്ല. ഇവ വർദ്ധിക്കുന്തോറും അവർ കൂടുതൽ ദാഹമുള്ളവരാകുന്നു. അവരുടെ ദാഹം ഒരിക്കലും അവസാനിക്കുന്നില്ല.

ഈ സ്ത്രീയുടെ ഭർത്താക്കന്മാരും ഒരു അടയാളമാണ്. ക്രിസ്തു മാത്രമായിരിക്കണം ഏക ഭർത്താവ്. 2 കൊരിന്ത്യർ 11-ൽ അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത് അവൻ നമ്മെ ക്രിസ്തുവിന് വിവാഹനിശ്ചയം ചെയ്തിരിക്കുന്നു എന്നാണ്. അതായത്, അവൻ നമ്മെ ക്രിസ്തുവിന് പരിണയ വാഗ്ദാനം നൽകിയിരിക്കുന്നു. ക്രിസ്തുവാണ് യഥാർത്ഥ ഭർത്താവ്. എന്നാൽ ഈ സ്ത്രീക്ക് മറ്റേ മനുഷ്യനെ കൂടാതെ അഞ്ചു ഭർത്താക്കന്മാർ ഉണ്ടായിരുന്നു. ഈ സ്ത്രീ ദുർവൃത്തയും അസന്മാർഗ്ഗിയും ആയിരുന്നതിന്റെ കാരണം അവൾ ദാഹമുള്ളവളായിരുന്നു എന്നതാണ്. അവളുടെ അനേക ഭർത്താക്കന്മാർക്ക് അവളെ തൃപ്തിപ്പെടുത്താൻ കഴിയാതിരുന്നതുകൊണ്ട് അവൾ അസംതൃപ്തയായി തുടർന്നു. ഒന്നാമത്തെ ഭർത്താവിന് അവളെ തൃപ്തിപ്പെടുത്തുവാൻ കഴിയാതെ വന്നപ്പോൾ, അവൾ രണ്ടാമത്തെ ഭർത്താവിൽ നിന്ന് തൃപ്തി തേടി. എന്നാൽ അവളുടെ രണ്ടാമത്തെ ഭർത്താവിനും അവളുടെ അന്തർദാഹത്തെ ശമിപ്പിക്കുവാൻ കഴിഞ്ഞില്ല. പിന്നെ അവൾ മൂന്നാമനെ വിവാഹം കഴിച്ചു. എന്നാൽ അവനും അവളെ തൃപ്തിപ്പെടുത്തുവാൻ കഴിഞ്ഞില്ല. അവളുടെ നാലാമത്തെയും അഞ്ചാമത്തെയും ഭർത്താക്കന്മാർക്കും അവളെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞില്ല. കാരണം, ജീവനുള്ള വെള്ളമായിരുന്നു അവളുടെ ഒരേ ഒരു ആവശ്യം. തന്റെ പല ഭർത്താക്കന്മാരിൽ നിന്ന് എത്രയധികം ഭൗതികജലം കുടിച്ചാലും അവൾക്ക് ദാഹം പിന്നെയും അനുഭവപ്പെടുമായിരുന്നു. അതുകൊണ്ട്, ഈ വെള്ളം കുടിക്കുന്നവന് എല്ലാം പിന്നെയും ദാഹിക്കും എന്ന് കർത്താവ് അവളോട് പറഞ്ഞു. ഭൗതികവും മതപരവും പാരമ്പര്യപ്രകാരമുള്ളതുമായ വെള്ളം കുടിക്കുന്നവന് എല്ലാം പിന്നെയും ദാഹിക്കും. നമ്മുടെ ദാഹം ശമിപ്പിക്കുവാൻ കഴിയുന്ന ജീവനുള്ള വെള്ളം കർത്താവായ യേശുവിന്റെ പക്കൽ മാത്രമാണുള്ളത്.

അവളുടെ ഭർത്താക്കന്മാർ എന്താണ് സൂചിപ്പിക്കുന്നത്? ക്രിസ്തു ഒഴികെ സകലത്തെയും അവർ സൂചിപ്പിക്കുന്നു. ക്രിസ്തുവിന് പുറമേയുള്ളതെന്തും പാപകരമായി പരിണമിക്കാം. നാം ക്രിസ്തുവിനെ അല്ലാതെ ആരെ അഥവാ എന്തിനെ ആശ്രയിച്ചാലും അത് തികച്ചും പാപകരം ആയിരിക്കും. ശമര്യക്കാരി സ്ത്രീയുടെ ഭർത്താക്കന്മാർ അവളുടെ പാപകരമായ ജീവിതത്തിന്റെ മുഴുവന്റെയും ചരിത്രമായിത്തീർന്നു. നാം കണ്ടതുപോലെ കർത്താവ് അവളുടെ പാപകരമായ ചരിത്രത്തെ വളരെ ബുദ്ധിപരമായ രീതിയിൽ സ്പർശിച്ചു. അവൻ, ചില സുവിശേഷകന്മാർ ചെയ്യുന്നതുപോലെ, ഒരു പാപി എന്ന രീതിയിൽ അവളുടെ അപരാധത്തെ കുറ്റപ്പെടുത്തുകയോ, ന്യായപ്രകാരം അനുതപിക്കുവാൻ അവളെ നിർബന്ധിക്കുകയോ അവളുടെ പാപങ്ങളെ പ്രായോഗികമായി ഏറ്റു പറയിപ്പിക്കുകയോ ചെയ്തില്ല.

കർത്താവ് എല്ലാം അറിയുന്നതിനാൽ, ഭർത്താവിനെ വിളിച്ചുകൊണ്ട് വരുക എന്ന് അവളോട് ആവശ്യപ്പെടുക വഴി, അവൻ അവളുടെ മനസ്സാക്ഷിയെ സ്പർശിച്ചതേയുള്ളൂ. ഇങ്ങനെ തന്റെ പാപങ്ങളെക്കുറിച്ച് അനുതപിക്കുവാനും ഏറ്റുപറയുവാനും കർത്താവ് അവളെ സഹായിച്ചു.

തന്റെ ഭർത്താക്കന്മാരെക്കുറിച്ചുള്ള കർത്താവിന്റെ വചനം അവളുടെ മനസ്സാക്ഷിയെ സ്പർശിച്ചതുകൊണ്ട് അവൾ സംഭാഷണം പെട്ടെന്ന് ആരാധനയുടെ വിഷയത്തിലേക്ക് മാറ്റി. അവൾ വളരെ ബുദ്ധിപൂർവ്വം അത് ചെയ്തു. ഇത്തരത്തിൽ അസന്മാർഗ്ഗിയായ സ്ത്രീ ആയിരുന്നിട്ടുകൂടി, അവൾ ദൈവത്തെ ആരാധിക്കുന്നതിനെക്കുറിച്ച് സംസാരിച്ചു. മതം എവിടെയാണ് എന്ന് ഇത് തെളിയിക്കുന്നു. ആളുകൾ മതത്തെക്കുറിച്ച് ചർച്ച ചെയ്യുകയും അപ്പോഴും ദുർവൃത്തരായി ജീവിക്കുകയും ചെയ്തേക്കാം. ഈ സ്ത്രീ തന്റെ പാപങ്ങളെ ഏറ്റുപറഞ്ഞില്ല, എന്നാൽ വിഷയം തന്റെ ഭർത്താക്കന്മാരിൽനിന്നും ദൈവത്തെ ആരാധിക്കുന്നതിലേക്ക് മാറ്റിക്കൊണ്ട് ഇങ്ങനെ പറഞ്ഞു, "ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ നമസ്കരിച്ചുവന്നു; നമസ്കരിക്കേണ്ടുന്ന സ്ഥലം യെരുശലേമിൽ ആകുന്നു എന്ന് നിങ്ങൾ പറയുന്നു."ഇപ്രകാരമുള്ള വിഷയം മാറ്റൽ ശമര്യക്കാരി സ്ത്രീയുടെ കൗശലമായിരുന്നു. 8:3-7-ലും 9:2-3-ലും ഉള്ള ചോദ്യങ്ങൾ പോലെ ആരാധനയുടെ കാര്യത്തിലെ സ്ത്രീയുടെ പ്രശ്നവും ശരിയോ തെറ്റോ എന്ന വിഷയത്തിലായിരുന്നു. അത് അറിവിന്റെ വൃക്ഷത്തെ സംബന്ധിച്ച കാര്യമാണ്. എന്നാൽ കർത്താവ് അവളെ ആത്മാവിലേക്ക് തിരിക്കുന്നു(വാ.21-24); അത് ജീവന്റെ വൃക്ഷത്തെ സംബന്ധിച്ച കാര്യമാണ്(cf.ഉല്പ.2:9-17). സ്ത്രീ തന്റെ ഭർത്താവിൽനിന്ന് ആരാധനയിലേക്ക് വിഷയം മാറ്റിയപ്പോൾ, കർത്താവായ യേശു ആ അവസരം ജീവനുള്ള വെള്ളം സ്വീകരിക്കുന്നതിന്റെ ശരിയായ മാർഗ്ഗം അവൾക്ക് വെളിപ്പെടുത്തിക്കൊടുക്കുവാൻ ഉപയോഗിച്ചു.

Tue

### *2. ആത്മാവായ ദൈവവുമായി ബന്ധപ്പെടുക*

ആരാധന എന്ന വിഷയത്തെക്കുറിച്ചുള്ള കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കുക."യേശു അവളോട് പറഞ്ഞത്, സ്ത്രീയേ, എന്റെ വാക്കു വിശ്വസിക്കുക. നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നത് ഈ മലയിലും അല്ല, യെരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു. നിങ്ങൾ അറിയാത്തതിനെ നമസ്കരിക്കുന്നു. ഞങ്ങളോ അറിയുന്നതിനെ നമസ്കരിക്കുന്നു. രക്ഷ യെഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നത്. സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും നമസ്കരിക്കുന്ന നാഴിക വരുന്നു: ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കണം എന്നു പിതാവ് ഇച്ഛിക്കുന്നു. ദൈവം ആത്മാവ് ആകുന്നു. അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും

നമസ്കരിക്കണം"(4:21-24). ആത്മാവായ ദൈവവുമായി സംസർഗ്ഗം ചെയ്യുന്നതിന് അവളുടെ ആത്മാവിനെ വിനിയോഗിക്കേണ്ടതിന്റെ ആവശ്യകത അവളെ ബോദ്ധ്യപ്പെടുത്തുന്നതിനാണ് ഈ വാക്ക് നൽകിയത്. അവളുടെ ആത്മാവ് ഉപയോഗിച്ച് ആത്മാവായ ദൈവവുമായി ബന്ധപ്പെടുക എന്നാൽ ജീവനുള്ള വെള്ളം കുടിക്കുക എന്നാണ്. ജീവനുള്ള വെള്ളം കുടിക്കുക എന്നാൽ ദൈവത്തിന് യഥാർത്ഥമായി ആരാധന അർപ്പിക്കുക എന്നാണ്.

മുൻകുറി ശാസ്ത്രത്തിൽ, ദൈവത്തെ ആരാധിക്കേണ്ടത് (1) ദൈവം തന്റെ വാസസ്ഥാനം സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുക്കുന്ന സ്ഥലത്തായിരിക്കണം(ആവ.12:5,11,13-14,18). (2) യാഗങ്ങളോടുകൂടെ ആയിരിക്കണം(ലേവ്യ.1-6). തന്റെ നിവാസമായി ദൈവം തിരഞ്ഞെടുത്തിരിക്കുന്ന സ്ഥലം മനുഷ്യാത്മാവിന് മുൻകുറി ആണ്. അവിടമാണ് ഇന്ന് ദൈവത്തിന്റെ നിവാസം-എഫെസ്യർ 2:22,"ആത്മാവ് മുഖാന്തരം ദൈവത്തിന്റെ നിവാസം"എന്നത് "ആത്മാവിൽ ദൈവത്തിന്റെ നിവാസം"എന്ന് വായിക്കണം. യാഗങ്ങൾ ക്രിസ്തുവിന് മുൻകുറിയാണ്. മനുഷ്യൻ ദൈവത്തെ ആരാധിക്കുവാനായി ഉപയോഗിച്ച എല്ലാ യാഗങ്ങളുടെയും നിറവേറലും യാഥാർത്ഥ്യവും ക്രിസ്തുവാണ്. തന്മൂലം, ആത്മാവായ ദൈവത്തെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം എന്ന് കർത്താവ് അവളോട് നിർദ്ദേശിച്ചപ്പോൾ, അതിന്റെ അർത്ഥം അവൾ ആത്മാവായ ദൈവത്തെ ഒരു പ്രത്യേക സ്ഥലത്ത് എന്നതിനു പകരം അവളുടെ ആത്മാവിലും യാഗങ്ങളോടുകൂടെ എന്നതിനു പകരം ക്രിസ്തുവിലൂടെയും സംസർഗ്ഗം ചെയ്യണമെന്നായിരുന്നു. കാരണം ഇപ്പോൾ യാഥാർത്ഥ്യമായ ക്രിസ്തു വന്നിരിക്കുന്നതിനാൽ (വാ.25-26), എല്ലാ നിഴലുകളും മുൻകുറികളും അവസാനിച്ചിരിക്കുന്നു. കർത്താവായ യേശു ശമര്യക്കാരി സ്ത്രീയോട് പറഞ്ഞത് ദൈവം ആത്മാവാകുന്നു എന്നും ദൈവത്തെ ആരാധിക്കുക എന്നാൽ അവനുമായി സംസർഗ്ഗം ചെയ്യുക എന്നും ആണെന്നും, അവനുമായി സംസർഗ്ഗം ചെയ്യുന്നത് ഒരു സ്ഥലത്തെ സംബന്ധിച്ച വിഷയമല്ലെന്നും പിന്നെയോ മനുഷ്യന്റെ ആത്മാവിനെ സംബന്ധിച്ചതാണെന്നും ആയിരുന്നു.

"നാഴിക വരുന്നു: ഇപ്പോൾ വന്നുമിരിക്കുന്നു,"എന്ന് അവൻ പറഞ്ഞപ്പോൾ, യുഗത്തിന് മാറ്റം വന്നു എന്നായിരുന്നു അതിന്റെ അർത്ഥം. പണ്ട് മോശയുടെ ന്യായപ്രമാണം അനുസരിച്ച് തന്റെ നാമമുള്ള തന്റെ നിവാസം സ്ഥാപിക്കുവാനുള്ള പ്രത്യേക സ്ഥലത്ത്, തന്റെ ജനം തന്നെ ആരാധിക്കണമെന്ന് ദൈവം കല്പിച്ചിരുന്നു (ആവ.12:5). ദൈവത്തെ ആരാധിക്കുന്നവർ എല്ലാം ആ ഏക സ്ഥലത്തേക്ക് പോകണമായിരുന്നു. അതൊരു മുൻകുറിയായിരുന്നു. ഇന്ന്

യുഗത്തിന് മാറ്റം വരുകയും മുൻകുറി നിറവേറുകയും ചെയ്തു. മുൻകുറിപ്രകാരം പറഞ്ഞാൽ, ആരാധിക്കേണ്ട സ്ഥലം ഇനിമേൽ ഒരു സ്ഥലമല്ല. അത് തന്റെ നാമത്തോടുകൂടെ, ദൈവം സ്ഥാപിക്കുവാനിരിക്കുന്ന തന്റെ നിവാസമായ മനുഷ്യാത്മാവായിരിക്കണം. ദൈവജനത്തിന് അവനെ ആരാധിക്കുവാനുള്ള ഏക സ്ഥലം എവിടെയാണ്? അത് നമ്മുടെ മനുഷ്യാത്മാവാണ്. എഫെസ്യർ 2:22 അനുസരിച്ച്, ദൈവത്തിന്റെ നിവാസം നമ്മുടെ ആത്മാവിലാണ്.

പുരാതന കാലത്ത് തന്റെ ആളുകൾ ഒരേ സ്ഥലത്ത് തന്നെ ആരാധിക്കണമെന്ന് ദൈവം കല്പിച്ചത് എന്തുകൊണ്ടായിരുന്നു? അത് ഐക്യം നിലനിർത്തുന്നതിനുവേണ്ടി ആയിരുന്നു. താൻ തിരഞ്ഞെടുത്ത സ്ഥലത്തല്ലാതെ മറ്റൊരിടത്തും തന്റെ ജനം തന്നെ ആരാധിക്കുവാൻ ദൈവം ഒരിക്കലും അനുവദിക്കുകയില്ലായിരുന്നു. ആരെങ്കിലും മറ്റൊരിടത്ത് അവനെ ആരാധിക്കുന്നുവെങ്കിൽ, തന്റെ ജനത്തിന്റെ ഐക്യം തകരുമായിരുന്നു. എവിടെയാണ് നമുക്കിന്ന് ഐക്യം സൂക്ഷിക്കുവാൻ കഴിയുക? നമ്മുടെ മനുഷ്യാത്മാവിൽ. നമ്മുടെ മനസ്സിലും ഗ്രാഹ്യത്തിലും പഠിപ്പിക്കലിലും ഉപദേശത്തിലും ധാരണയിലും നാമെല്ലാം അന്യോന്യം വ്യത്യസ്തരാണ്. ഭർത്താവും ഭാര്യയും ഒരുപോലെ ചിന്തിക്കുന്ന ഒരു ജോഡി ദമ്പതിമാരെങ്കിലും ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എല്ലാവർക്കും വ്യത്യസ്തമായ ധാരണകളാണ് ഉള്ളത്. നിങ്ങൾക്ക് നിങ്ങളുടെ ധാരണകൾ, എനിക്ക് എന്റേതും. നിങ്ങൾക്ക് നിങ്ങളുടെ വഴിയും എനിക്ക് എന്റേതും. നിങ്ങൾക്ക് നിങ്ങളുടെ കാഴ്ചപ്പാടും എനിക്ക് എന്റേതും. വ്യത്യസ്തമായ വഴികളും ധാരണകളും കാഴ്ചപ്പാടുകളും അനുസരിച്ച് നമുക്കെന്നെങ്കിലും ഒന്നാകുവാൻ കഴിയുമോ? നാം അതെല്ലാം മറന്ന് നമ്മുടെ ആത്മാവിലേക്ക് വരണം. നാമെല്ലാവരും നമ്മുടെ ആത്മാവിലേക്ക് തിരിയുമ്പോൾ നാം ഒന്നാണ്. അതുകൊണ്ട്, ആളുകളുമായി ഉപദേശത്തെ സംബന്ധിച്ച് ഒരിക്കലും വാദിക്കാതിരിക്കുവാൻ പഠിക്കുക, പിന്നെയോ, എപ്പോഴും അവരെ ആത്മാവിലേക്ക് നടത്തുക. ദൈവത്തിന്റെ നിവാസമായി നമുക്കൊരു ആത്മാവുണ്ടെന്ന് നാമെല്ലാം ഓർമ്മപ്പെടുത്തണം. ദൈവത്തെ ആരാധിക്കേണ്ട സ്ഥലം, അതായത്, അവനുമായി സംസർഗ്ഗം ചെയ്യേണ്ട സ്ഥലം, നമ്മുടെ ആത്മാവാണ്. നാം നമ്മുടെ ആത്മാവിൽ ദൈവത്തെ ആരാധിക്കുമ്പോഴെല്ലാം അതിന്റെ അർത്ഥം നാം ദൈവത്തെ ജീവനുള്ള ജലമായി കുടിക്കുന്നു എന്നാണ്. നിങ്ങൾ നിങ്ങളുടെ ആത്മാവുകൊണ്ട് ദൈവത്തെ സ്തുതിക്കുമ്പോൾ ഉടനെ നിങ്ങൾ കുടിക്കുന്നു. നിങ്ങൾ നിങ്ങളുടെ ആത്മാവിൽനിന്ന് “ദൈവത്തിനു സ്തോത്രം! പിതാവേ, ഞാൻ നിന്നെ ആരാധിക്കുന്നു,”എന്നു പറയുമ്പോൾ നിങ്ങൾ ജീവനുള്ള വെള്ളം കുടിക്കുകയാണ്.

സത്യനമസ്ക്കാരികൾ തങ്ങളുടെ ആത്മാവിൽ മാത്രമല്ല, സത്യസന്ധതയിലും ദൈവത്തെ ആരാധിക്കേണ്ട സമയം ഇപ്പോൾ ആണെന്നും കർത്താവ് പറഞ്ഞു. ഇന്നത്തെ ക്രിസ്ത്യാനികൾക്ക് ഇത് മനസ്സിലാക്കുക വിഷമകരമാണ്. എന്നാലും, നാം മുൻകുറി പരിശോധിച്ചാൽ, കർത്താവ് എന്തിനെക്കുറിച്ചായിരുന്നു സംസാരിച്ചതെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. പുരാതന കാലത്ത്, നിയമിക്കപ്പെട്ട സ്ഥലത്തും യാഗങ്ങളോടുകൂടെയും തന്റെ ജനം, തന്നെ ആരാധിക്കണമെന്ന് ദൈവം വിധിച്ചിരുന്നു. തങ്ങൾ തിരഞ്ഞെടുത്ത ഏതെങ്കിലും സ്ഥലത്ത് ദൈവത്തെ ആരാധിക്കുവാൻ അവർക്ക് കഴിയുകയില്ലായിരുന്നു. അതുപോലെ, യാഗങ്ങൾ കൂടാതെയും അവനെ ആരാധിക്കുവാൻ അവർക്ക് കഴിയുകയില്ലായിരുന്നു. യാഗങ്ങൾ അവർക്ക് ആവശ്യമായിരുന്നു. കാരണം, അവർ പാപം നിറഞ്ഞവരായിരുന്നു. അവർ ദൈവസന്നിധിയിലേക്ക് വന്നപ്പോൾ അവർക്ക് അനേക തരത്തിലുള്ള യാഗങ്ങൾ-അകൃത്യയാഗം, പാപയാഗം, സമാധാനയാഗം, ഭോജനയാഗം, ദഹനയാഗം, നീരാജനാർപ്പണം, ഉദർച്ചാർപ്പണം എന്നിവ അർപ്പിക്കണമായിരുന്നു. എല്ലാ യാഗങ്ങളും ക്രിസ്തുവിന്റെ വിവിധമായ വശങ്ങളുടെ മുൻകുറികളായിരുന്നു. ക്രിസ്തുവാണ് നമ്മുടെ യഥാർത്ഥ അകൃത്യയാഗം. അവനാണ് നമ്മുടെ യഥാർത്ഥ പാപയാഗവും ഭോജനയാഗവും സമാധാനയാഗവും ദഹനയാഗവും. ഇന്ന്, ഒരു പ്രത്യേക സ്ഥലത്ത് ദൈവത്തെ ആരാധിക്കുന്നതിനു പകരം, നാം അവനെ നമ്മുടെ ആത്മാവിൽ ആരാധിക്കണം. മാത്രമല്ല, യാഗങ്ങൾക്ക് പകരമായി എല്ലാ യാഗങ്ങളുടെയും യാഥാർത്ഥ്യമായ ക്രിസ്തുവിനോടുകൂടെ നാം അവനെ ആരാധിക്കണം.

നാം ദൈവത്തെ, നിസ്തുല സ്ഥലമായ നമ്മുടെ ആത്മാവിലും യാഥാർത്ഥ്യമായ ക്രിസ്തുവിനോടുകൂടെയും ആരാധിക്കേണ്ട നാഴികയും യുഗവും ഇതാണ്. നമുക്ക് എങ്ങനെ അത് ചെയ്യുവാൻ കഴിയും? പിതാവിനെ നമ്മുടെ ആത്മാവിൽ ആരാധിക്കുന്നത് നമുക്ക് എങ്ങനെ പ്രയോഗത്തിൽ വരുത്തുവാൻ കഴിയും? കുറേ സഹോദരന്മാർ ദൈവത്തെ ആരാധിക്കുന്നതിനുവേണ്ടി കൂടിവരുകയും, എന്നാൽ അവർ അവരുടെ ആത്മാവിനെ ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നു എന്നു കരുതുക. പകരം അവർ അവരുടെ മനസ്സിനെ പ്രയോഗിക്കുന്നു. അവർ ദൈവത്തെ ആരാധിക്കുന്ന വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുവാൻ തുടങ്ങുകയും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ നിമിത്തം വേഗത്തിൽ ഭിന്നിക്കുകയും ചെയ്യുന്നു. അവർ പരസ്പരം അസന്തുഷ്ടരാകുകയും വിഘടിക്കുകയും ചെയ്യുന്നു. ഈ സഹോദരന്മാർ ചെയ്യേണ്ടത്, ആത്മാവിനെ പ്രയോഗിക്കുകയും കർത്താവിനെ സ്തുതിക്കുകയും അവന്റെ നാമം വിളിച്ചപേക്ഷിക്കുകയും, അവൻ ചെയ്യുവാൻ പോകുന്നത് എന്തെന്ന് കാണുകയും മാത്രമാണ്. അവർ സംസാരിച്ചുകൊണ്ട് തങ്ങളുടെ മനസ്സിനെ പ്രയോഗിക്കരുത്. അവർ

കർത്താവിനെ വിളിച്ചപേക്ഷിച്ചുകൊണ്ട് തങ്ങളുടെ ആത്മാവിനെ പ്രയോഗിക്കണം.

രണ്ടാമത്തെ കാര്യം, അതായത് ക്രിസ്തുവിനോടുകൂടെ ദൈവത്തെ ആരാധിക്കുന്നത് നാം എങ്ങനെ പ്രയോഗത്തിൽ വരുത്തും? പാരമ്പര്യ രീതി, ഒരു പാട്ട് നിർദ്ദേശിക്കുകയും അത് പാടിക്കഴിഞ്ഞാൽ സ്വർഗ്ഗ സ്ഥനായ പിതാവിന് ഒരു പ്രാർത്ഥന അർപ്പിക്കുകയുമാണ്. അത് പരമ്പരാഗത മതപരമായ മാർഗ്ഗമാണ്. എന്നാലും, ആരാധനയ്ക്കായി കൂടിവരുമ്പോൾ നാം നമ്മുടെ ആത്മാവിനെ പ്രയോഗിക്കണം. നാം ഇതു ചെയ്യുകയാണെങ്കിൽ, നമ്മുടെ ആത്മാവിൽ നിവസിക്കുന്ന പരിശുദ്ധാത്മാവിന് നീങ്ങുവാൻ അവസരം ലഭിക്കും. അവൻ ഒരു സഹോദരനിൽ നീങ്ങുകയും അവന് ക്രിസ്തുവിന്റെ ജീവിക്കുന്ന ഒരു സാക്ഷ്യം നൽകുവാൻ ഭാരം കൊടുക്കുകയും ചെയ്തേക്കാം പിന്നെ ആ സഹോദരൻ ക്രിസ്തുവിലുള്ള തന്റെ ജീവിക്കുന്ന അനുഭവം സാക്ഷ്യപ്പെടുത്തും. ഇങ്ങനെ ചെയ്യുന്നതു വഴി അവൻ ക്രിസ്തുവിനെ ഒരു യാഗമായി സമർപ്പിക്കുന്നു. നിങ്ങൾ ക്രിസ്തുവിനെ അനുഭവിക്കുന്നത് ഒരു സാക്ഷ്യമായി നൽകുമ്പോൾ ദൈവത്തിന്റെ കണ്ണുകളിൽ അത് ക്രിസ്തുവിനെ ദൈവത്തിനു സമർപ്പിക്കുകയാണ്. ഒടുവിൽ, ഇത്തരം ഒരു വഴിപാട് ആ സാക്ഷ്യം നൽകിയ സഹോദരനും ആരാധിക്കുന്ന മറ്റുള്ളവർക്കും ഭക്ഷണമായിത്തീരും. ഇത് ദൈവത്തെ ആരാധിക്കുന്നതിന്റെ പരമ്പരാഗത രീതിയല്ല; ഇത് അനുഭവമാക്കിയ ക്രിസ്തുവിനെ ദൈവത്തിന് അർപ്പിച്ചുകൊണ്ട് അവന്റെ സംതൃപ്തിക്കും എല്ലാ ആരാധകർക്കും ഭക്ഷണമായും ആത്മാവിൽ ആരാധിക്കുന്ന രീതിയാണ്. ഇതാണ് യഥാർത്ഥ ദൈവാരാധന.

ശരിയായ ആരാധന എന്താണെന്നതിനെക്കുറിച്ച് കർത്താവ് നമ്മെ ബോദ്ധ്യപ്പെടുത്തട്ടെ. ശരിയായ ആരാധന ജീവനുള്ള വെള്ളം തുടർച്ചയായി കുടിക്കുകയാണ്. ആത്മാവായ ദൈവമാണ് ജീവനുള്ള വെള്ളം. ജീവനുള്ള വെള്ളം കുടിക്കുന്നതിനുള്ള നമ്മുടെ അവയവം നമ്മുടെ മനുഷ്യാത്മാവാണ്. ജീവിക്കുന്ന ആത്മാവായ ദൈവവുമായി സംസർഗ്ഗം ചെയ്യുന്നതിന് നാം നമ്മുടെ മനുഷ്യാത്മാവിനെ പ്രയോഗിക്കുമ്പോഴെല്ലാം, നാം അവന്റെ പുത്രനായ യേശുക്രിസ്തുവിലുള്ള ജീവനുള്ള വെള്ളമായി അവനിൽനിന്ന് കുടിക്കുന്നു.

Wed

### *3. അവൾക്ക് നിത്യജീവൻ ഉണ്ടാകുവാൻ, യേശുവാണ് ക്രിസ്തുവെന്ന് വിശ്വസിക്കുക*

ഇനി നാം ജീവനുള്ള വെള്ളം എടുക്കുവാനുള്ള മാർഗ്ഗത്തിന്റെ അവസാന വശത്തേക്ക്-യേശുവിനെ ക്രിസ്തുവെന്ന് വിശ്വസിക്കുന്നതിലേക്ക്- വരുന്നു. ശമര്യക്കാരി സ്ത്രീ തന്റെ ആരാധനയെ സംബന്ധിച്ച ചോദ്യത്തിനുള്ള കർത്താവിന്റെ മറുപടി കേട്ടപ്പോൾ, അവൾ വീണ്ടും മറ്റൊരു വിഷയത്തിലേക്ക് തിരിയുവാൻ ശ്രമിച്ചുകൊണ്ട്

ഇങ്ങനെ പറഞ്ഞു."മശിഹ എന്നുവച്ചാൽ, ക്രിസ്തു വരുന്നു എന്നു ഞാൻ അറിയുന്നു; അവൻ വരുമ്പോൾ സകലവും അറിയിച്ചു തരും" (4:25). അവൾ ഇപ്രകാരം പറയുന്നതായി കരുതാം,"നിങ്ങൾ എന്നോട് വളരെ കാര്യങ്ങൾ പറയുന്നു. എന്നാൽ ഞങ്ങൾ മശിഹാ വരുവാനായി കാത്തിരിക്കുകയാണ്. അവൻ വരുമ്പോൾ, അവൻ സകലവും വെളിപ്പെടുത്തും."എന്തൊരു ന്യായം! അപ്പോൾ കർത്താവ് അവളോട് ഇങ്ങനെ മറുപടി പറഞ്ഞു,"നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെ മശിഹാ"(4:26). ഈ വചനത്താൽ യേശു അവൾക്ക് നിത്യജീവൻ ഉണ്ടാകുവാനായി താനാണ് ക്രിസ്തു എന്നു വിശ്വസിക്കുന്നതിലേക്ക് അവളെ നയിച്ചു(20:31). 29-ാം വാക്യത്തിൽനിന്ന് അവൾ വിശ്വസിച്ചു എന്ന് നാം കാണുന്നു. കർത്താവിൽ നിന്ന് വഴുതിമാറുവാൻ ശമര്യക്കാരി സ്ത്രീ എല്ലാ വഴികളും പരിശ്രമിച്ചുവെങ്കിലും, അവൻ തന്റെ ജ്ഞാനത്തിൽ അവളെ പിടികൂടി. കർത്താവിന്റെ കയ്യിൽനിന്നു വഴുതിമാറുവാൻ ഒരിക്കലും ശ്രമിക്കരുത്. ശമര്യക്കാരി സ്ത്രീക്ക് ബോദ്ധ്യം വരുകയും അവൾ അവനിൽ വിശ്വസിക്കുകയും ജീവനുള്ള വെള്ളം സ്വീകരിക്കുകയും ചെയ്തു. അവളുടെ ജീവിതത്തിൽ ഒരു വലിയ മാറ്റം ഉണ്ടായി. അവൾ വളരെ അസന്മാർഗ്ഗിയായ വ്യക്തിയായിരുന്നു. എങ്കിലും അപ്പോഴും അവൾ ശരിയോ തെറ്റോ, ഇവിടെയോ അവിടെയോ, ഈ വഴിയോ ആ വഴിയോ തുടങ്ങിയവ കാര്യമായി കരുതുന്ന മതപാരമ്പര്യത്തിന്റെ സ്വാധീനത്തിൻ കീഴിലായിരുന്നു. അവൾ സമ്പൂർണ്ണമായും ഒരു മരണത്തിന്റെ അവസ്ഥയിലായിരുന്നു. എന്നിരുന്നാലും, കർത്താവ് അവളെ സ്പർശിക്കുകയും അവളെ മരണത്തിൽനിന്ന് ജീവനിലേക്ക് തിരിക്കുകയും ചെയ്തു. സംശയാതീതമായും, അവൾ അറിവിന്റെ വൃക്ഷത്തിൻ കീഴിൽ ആയിരുന്നു. എന്നാൽ കർത്താവ് അവളെ ജീവവൃക്ഷത്തിലേക്ക് തിരിച്ചു. അവൻ അവളുടെ മരണത്തെ നിത്യജീവനാക്കി മാറ്റി.

മനുഷ്യജീവിതത്തിന്റെ യഥാർത്ഥ സംതൃപ്തി കർത്താവു തന്നെയാണെന്ന് അവൻ ശമര്യക്കാരി സ്ത്രീക്ക് വെളിപ്പെടുത്തിക്കൊടുത്തു. തന്നെ സംബന്ധിച്ച, മൂന്നു വശങ്ങൾ കർത്താവ് അവൾക്ക് വെളിപ്പെടുത്തിക്കൊടുത്തു: അവനാണ് ദാനവും ദാതാവും ദാനം ലഭിക്കുന്നതിനുള്ള മാർഗ്ഗവും. കർത്താവ് തന്നെക്കുറിച്ച് കുറഞ്ഞപക്ഷം മൂന്നു കാര്യങ്ങൾ പരാമർശിച്ചു. 10-ാം വാക്യത്തിൽ അവൻ പറഞ്ഞു,"നീ ദൈവത്തിന്റെ ദാനം അറിഞ്ഞു എങ്കിൽ"എന്നത് കാണിക്കുന്നത് ദൈവത്തിന്റെ ദാനം നിത്യജീവനായ കർത്താവുതന്നെയാണ് എന്നാണ്. തുടർന്ന് പറഞ്ഞതായ,"നീ അവനോടു ചോദിക്കുകയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു" എന്നത് കാണിക്കുന്നത് കർത്താവുതന്നെയാണ് ദാതാവ് എന്നാണ്. അവസാനമായി, ശ്രദ്ധാപൂർവ്വം വായിക്കുകയാണെങ്കിൽ, ദാനം ലഭിക്കുവാനുള്ള സ്ത്രീയുടെ മാർഗ്ഗം ദാതാവുമായി ബന്ധപ്പെടുക അഥവാ ദാതാവിനെത്തന്നെ കുടിക്കുക ആണെന്നും നാം കണ്ടെത്തും.

## IV. അത്ഭുതകരമായ വിളവെടുപ്പോടുകൂടെ ജീവനുള്ള ഒരു സാക്ഷ്യം

### A. പാപി വിശ്വസിക്കുകയും സംതൃപ്തയാകുകയും മുൻവിധി ഉപേക്ഷിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തു

വരുവാനിരുന്ന ക്രിസ്തു കർത്താവായ യേശുവാണെന്ന് സ്ത്രീ കേട്ടപ്പോൾ അവൾ വിശ്വസിച്ചു. അവളുടെ ജീവിതത്തിൽ വലിയൊരു മാറ്റം ഉണ്ടായി. അവൾ തന്റെ പാത്രം ഉപേക്ഷിച്ച് പട്ടണത്തിൽ ചെന്ന് ആളുകളോട് ജീവനുള്ള സാക്ഷ്യം പറഞ്ഞു. ഈ സാക്ഷ്യം അത്ഭുത കരമായ ഒരു വിളവെടുപ്പ് ഉളവാക്കി(4:28-42).

നമ്മുടെ സ്വാഭാവിക ധാരണ അനുസരിച്ച്, ഒരു വ്യക്തിയെ രക്ഷിക്കുവാൻ സഹായിക്കുന്നതിന് വളരെ സമയം എടുക്കും. ഈ ധാരണ നാം ഉപേക്ഷിക്കണം. ഒരു സെക്കൻഡിൽ ആളുകൾക്ക് മാറ്റം വരും. കർത്താവ് തന്റെ സൃഷ്ടിപ്പിൽ ചെയ്തതുപോലെ, ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കുന്നു; അതുപോലെ, ആളുകളെ വേഗത്തിൽ തിരിക്കുവാൻ അവന് കഴിയും. സമയമെന്ന ഘടകം ആവശ്യമില്ല. നമ്മുടെ ധാരണ അനുസരിച്ച് ഒരു പാപിക്ക് ചിന്തിക്കുവാനും വിശ്വസിക്കുവാനും തിരിയുവാനും സമയം ആവശ്യമാണ്. ഈ ധാരണ നമ്മുടെ സുവിശേഷ പ്രചാരണത്തെ തടസ്സപ്പെടുത്തുകയും അതിനെ ബലഹീനമാക്കുകയും ചെയ്യുന്നു. നാം ആളുകളോട് സംസാരിക്കുമ്പോൾ, കർത്താവ് പ്രബലമായ വഴിയിൽ പ്രവർത്തിക്കുന്നു എന്ന് നമുക്ക് വിശ്വാസം ഉണ്ടായിരിക്കണം. ശമര്യക്കാരി സ്ത്രീ തത്സമയം തിരിയുവാനിടയായി. കഴിഞ്ഞ കാലങ്ങളിൽ വിശ്വസിക്കാവുന്നതിനപ്പുറമായി അനേകം ആളുകൾ ഇപ്രകാരം തിരിഞ്ഞു വരുന്നത് ഞങ്ങൾ കാണുവാനിടയായിട്ടുണ്ട്. ആളുകളെ തിരിക്കുവാനുള്ള കർത്താവിന്റെ വഴി ആത്മാവിലാണ്. അദ്ധ്യാപനരീതിയിലല്ല, ജീവമാർഗ്ഗത്തിലാണ്. അദ്ധ്യാപനത്തിന് സമയം എടുക്കും. ആളുകളെ പഠിപ്പിക്കുവാൻ സമയം എടുക്കും. എന്നാൽ കർത്താവ് ആളുകളെ വീണ്ടുംജനിപ്പിക്കുമ്പോൾ, അവൻ അവരെ പുതിയ സൃഷ്ടിയാക്കുകയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കുകയും ചെയ്യുന്നു. നാം ഒരു പാപിയോട് സംസാരിക്കുമ്പോളെല്ലാം, പ്രബലമായ ഈ വിശ്വാസം നമുക്കുണ്ടായിരിക്കണം. നാം അവനോട് സംസാരിക്കുമ്പോൾ, കർത്താവ് അവനിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന് വിശ്വസിക്കുവാൻ നാം നമ്മുടെ ആത്മാവിനെ പ്രയോഗിക്കണം. സ്വാഭാവികമായി, ചിലത് അവനിൽ സംഭവിക്കുകയും അവൻ മരണത്തിൽനിന്ന് ജീവനിലേക്ക് തിരിയുകയും ചെയ്യും. ശമര്യക്കാരി സ്ത്രീ തികച്ചും അസന്മാർഗ്ഗിയും ബലഹീനയും പാപത്തിന്റെ ആഴത്തിലും ആയിരുന്നുവെങ്കിലും ഒരു സെക്കൻഡിന്റെ ഒരംശത്തിനുള്ളിൽ അവൾ

തിരിഞ്ഞു. അവളുടെ മുഴുവൻ ജീവിതവും മാറി. അവൾ ആളുകളുടെ അടുത്ത് ചെന്ന്, "ഞാൻ ചെയ്തത് ഒക്കെയും എന്നോട് പറഞ്ഞ ഒരു മനുഷ്യനെ വന്ന് കാണുവിൻ; അവൻ പക്ഷേ ക്രിസ്തു ആയിരിക്കുമോ,"എന്നു പറഞ്ഞു(4:29). ഇത് സൂചിപ്പിക്കുന്നത്, സ്ത്രീ യേശുവിനെ ക്രിസ്തു എന്നു വിശ്വസിച്ചു എന്നും, വിശ്വസിക്കുക വഴി അവൾ ജീവനുള്ള വെള്ളം സ്വീകരിക്കുകയും സംതൃപ്തയാകുകയും ചെയ്തു എന്നുമാണ്. യേശുവാണ് ക്രിസ്തു എന്ന് അവൾക്ക് ഉറപ്പു ലഭിക്കുകയും ആത്മാവ് അവളിൽ വരുകയും ചെയ്തു.

യോഹന്നാൻ 4-ലെ ചിത്രം സ്ത്രീ കർത്താവുമായി സന്ധിച്ച ശേഷം അവൾ എല്ലാം ഉപേക്ഷിച്ചു എന്നും നമ്മെ കാണിക്കുന്നു. അവൾ കിണറും പാത്രവും വിട്ടുപോയി. അവൾ എല്ലാം ഉപേക്ഷിച്ച് ആളുകളോട് ക്രിസ്തുവിനെക്കുറിച്ച് പറയുവാൻ പട്ടണത്തിൽ ചെന്നു. ഇതിന്റെ അർത്ഥം കർത്താവിനെ അവൾ സന്ധിച്ചപ്പോൾ ക്രിസ്തു മാത്രം തന്റെ സംതൃപ്തിയായിരിക്കുവാൻ അവൾ എല്ലാം ഉപേക്ഷിച്ചു എന്നാണ്. അവൾ പട്ടണത്തിലെ ജനത്തോട്,"ഇത് ക്രിസ്തു ആയിരിക്കുമോ?"എന്നു പറഞ്ഞപ്പോൾ, അവൻ ക്രിസ്തു ആണ് എന്നവൾ തിരിച്ചറിഞ്ഞിരുന്നു. ദൈവദൃഷ്ടിയിൽ, അവൾക്ക് ക്രിസ്തുവിനെ ലഭിച്ചുകഴിഞ്ഞിരുന്നു, അവൾ തന്റെ ആളുകളിലേക്ക് ക്രിസ്തുവിനെ കൊണ്ടുവന്നു. എന്തൊരു സാക്ഷ്യം! ക്രിസ്തുവിനെ സന്ധിക്കുകയും തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യുമ്പോൾ മാത്രമേ, നമുക്ക് സംതൃപ്തരാകുവാൻ കഴിയൂ. അപ്പോൾ സ്വാഭാവികമായി നാം ക്രിസ്തുവല്ലാത്ത എല്ലാറ്റിനെയും ഉപേക്ഷിക്കും.

1937-ൽ പല രാത്രി യോഗങ്ങൾക്കായി ഞാൻ ചൈനയുടെ തലസ്ഥാനത്ത് പോയപ്പോൾ, ഉണ്ടായ ഒരു സംഭവം എനിക്ക് ഒരിക്കലും മറക്കുവാൻ കഴിയുകയില്ല. അവസാനത്തെ യോഗം കഴിഞ്ഞപ്പോൾ ഉന്നതവിദ്യാഭ്യാസമുള്ള ഒരാളുടെ ചെറുപ്പക്കാരിയായ ഭാര്യ എന്നോടു പറഞ്ഞു:"മിസ്റ്റർ ലീ, നിങ്ങളുടെ പ്രസംഗം എന്നെ സ്വാധീനിച്ചിരിക്കുന്നു, ക്രിസ്തുവിൽ വിശ്വസിക്കുവാൻ താൽപ്പര്യപ്പെടുന്നു. എന്നാൽ എനിക്കൊരു പ്രശ്നമുണ്ട്. ഞാൻ തിയേറ്ററുകളിൽ പോകുവാനും ഓപ്പറകൾ കാണുവാനും ഇഷ്ടപ്പെടുന്നു. ഞാനൊരു ക്രിസ്ത്യാനി ആകുകയാണെങ്കിൽ, ഞാൻ എന്റെ എല്ലാ ചീത്ത സ്വഭാവങ്ങളും ഉപേക്ഷിക്കുവാൻ എനിക്ക് മനസ്സുണ്ട്. എന്നാൽ എനിക്ക് ഒരു കാര്യം ഉപേക്ഷിക്കുവാൻ കഴിയുകയില്ല. നാടകങ്ങളും ഓപ്പറകളുമാണത്. ഇതെനിക്ക് ഉപേക്ഷിക്കുവാനാകില്ല. ഞാൻ എന്തു ചെയ്യും?"അവൾ വളരെ ഗൗരവത്തിലായിരുന്നു. ചൈനീസ് ഓപ്പറകൾക്ക് പോകുന്നത് ക്രിസ്ത്യാനികൾക്ക് യോജിച്ചതല്ല എന്ന് അവളോട് പറയുവാൻ എനിക്കു ഭയമായിരുന്നു. കാരണം അവൾ ഒരു ക്രിസ്ത്യാനിയാകുവാൻ വിസമ്മതിക്കും. അവൾക്ക് ഒരു ക്രിസ്ത്യാനി ആയിരിക്കുകയും തുടർന്നും

തിയേറ്ററുകളിൽ പോകുന്നതിനു കുഴപ്പമില്ലെന്നും എനിക്കവളോട് തീർച്ചയായും പറയുവാൻ കഴിയുകയില്ലായിരുന്നു. കർത്താവ് ജ്ഞാനം തരുവാനായി ഞാൻ പ്രാർത്ഥിച്ചു. ഒടുവിൽ ഞാൻ പറഞ്ഞു,"നിങ്ങളുടെ ചെറിയ കുട്ടി, അവന്റെ കയ്യിലിരിക്കുന്ന അപകടകരമായ കത്തി വളരെ ഇഷ്ടപ്പെടുന്നു എന്നു കരുതുക. അവന്റെ കൈകളിൽനിന്ന് അത് എടുത്തുമാറ്റുന്നതിനുള്ള ഏറ്റവും എളുപ്പ വഴി എന്താണ്?"അവൾ പറഞ്ഞു,"നിങ്ങൾ കുറച്ച് മിഠായികൾ അവന്റെ ചുറ്റുമായി തറയിൽ വിതറിയാൽ അത് വളരെ എളുപ്പമാണ്."അത് എങ്ങനെ സഹായിക്കുമെന്ന് ഞാൻ അവളോട് ചോദിച്ചതിന് അവൾ ഇങ്ങനെ മറുപടി പറഞ്ഞു:"മിഠായി എടുക്കുവാനായി കുട്ടി കത്തി താഴെയിടും. അവന്റെ രണ്ടു കയ്യിലും മിഠായി നിറഞ്ഞില്ലെങ്കിൽ നിങ്ങൾ പറഞ്ഞാലും അവൻ കത്തി താഴെയിടുകയില്ല." ഞാൻ അവളുടെ ഉത്തരം അംഗീകരിച്ചുകൊണ്ട് പറഞ്ഞു."നിങ്ങൾ ക്രിസ്തുവിനെ സ്വീകരിച്ചുകഴിഞ്ഞാൽ ഇതേ കാര്യം നിങ്ങൾക്കും സംഭവിക്കും, എന്ന് നിങ്ങൾ തിരിച്ചറിയുന്നുവോ?"ഉടനെ അവൾക്ക് വ്യക്തമാവുകയും ആ രാത്രിയിൽതന്നെ അവൾ രക്ഷിക്കപ്പെടുകയും ചെയ്തു.

എന്തുകൊണ്ടാണ് ജനങ്ങൾ ക്രിസ്തുവല്ലാത്ത പലതിനുംവേണ്ടി ദാഹിക്കുന്നത് എന്ന് നിങ്ങൾക്കറിയാമോ? അവരെ ക്രിസ്തു സംതൃപ്തരാക്കിയിട്ടില്ല എന്നതുതന്നെയാണ് കാരണം. അവർ ക്രിസ്തുവിനാൽ സംതൃപ്തരായിരുന്നു എങ്കിൽ മറ്റെല്ലാ കാര്യങ്ങളും മറന്നുപോകുമായിരുന്നു. കിണറും പാത്രവും ശമര്യക്കാരി സ്ത്രീക്ക് വളരെ പ്രധാനമായിരുന്നു. എന്നാൽ അവൾ ക്രിസ്തുവിനെ തിരിച്ചറിഞ്ഞതിനു ശേഷം, അവൾ സ്വാഭാവികമായി താൻ സ്നേഹിച്ചിരുന്ന കാര്യങ്ങൾ ഉപേക്ഷിക്കുകയും ക്രിസ്തു തന്റെ തൃപ്തി നൽകുന്ന ജീവനാണ് എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ജനത്തിന്റെ അടുക്കൽ ചെല്ലുകയും ചെയ്തു. നിങ്ങളുടെ മനുഷ്യജീവിതത്തിൽ നിങ്ങൾക്ക് സംതൃപ്തി ഉണ്ടോ? എന്താണ് നിങ്ങളെ തൃപ്തിപ്പെടുത്തുന്നത്? ക്രിസ്തുവോ അതോ ഭൗതികവും മതപരവും പാരമ്പര്യപ്രകാരമുള്ളതുമായ കാര്യങ്ങളോ? നമ്മെ ക്രിസ്തുവിന് മാത്രമേ സംതൃപ്തരാക്കുവാൻ കഴിയൂ. മറ്റൊന്നിനും കഴിയുകയില്ല. നാം മറ്റുള്ളവരെ സഹായിക്കുവാൻ പോകുന്നുവെങ്കിൽ, ക്രിസ്തുവിനെ മറ്റുള്ളവരുടെ സംതൃപ്തിക്കായി കൊണ്ടുവരുവാൻ നാം ആദ്യം ക്രിസ്തുവിനാൽ സംതൃപ്തരാകണം. നാം ക്രിസ്തുവിനാൽ സംതൃപ്തരായെങ്കിൽ മാത്രമേ നമുക്ക് ക്രിസ്തുവിനെ സ്വീകരിക്കുന്നതും അവനുമായി സംസർഗ്ഗം ചെയ്യുന്നതും എങ്ങനെയെന്ന് മറ്റുള്ളവരെ അറിയിക്കുവാൻ കഴിയുകയുള്ളൂ. ശമര്യക്കാരി സ്ത്രീ ക്രിസ്തുവിന്റെ ഉപദേശങ്ങളുമായല്ല തന്റെ ആളുകളുടെ അടുക്കൽ പോയത്; അവൾ ആദ്യം ക്രിസ്തുവിനെ നേടുകയും പിന്നെ ക്രിസ്തുവുമായി അവരുടെ അടുക്കൽ ചെല്ലുകയും ചെയ്തു.

### B. പാപിയെ സംതൃപ്തയാക്കിയതിൽ രക്ഷകൻ ദൈവേഷ്ടത്താൽ സംതൃപ്തനായി

ശമര്യക്കാരി സ്ത്രീയുടെ ദൃഷ്ടാന്തത്തിൽ ദാഹമുള്ള പാപിയുടെയും ദാഹവും വിശപ്പുമുള്ള ക്രിസ്തുവിന്റെയും ചിത്രം നാം കാണുന്നു. അവർ രണ്ടുപേരും ക്ഷീണിതരായിരുന്നു. കാരണം ഇരുവരും വളരെ ദൂരം നടന്നായിരുന്നു ആ കിണറിനരികെ എത്തിയത്. തത്ഫലമായി, കർത്താവായ യേശുവും ആ സ്ത്രീയും പരസ്പരം വളരെ സഹാനുഭൂതി ഉള്ളവരായിരുന്നു. ഇരുവരും ദാഹമുള്ളവരും ക്ഷീണിതരും ആയിരുന്നു. കർത്താവ് വിശപ്പുള്ളവനും ആയിരുന്നു. കർത്താവ് വിശപ്പുള്ളവനായിരുന്നതുകൊണ്ട് അവൻ തന്റെ ശിഷ്യന്മാരെ ഭക്ഷണം വാങ്ങുവാനായി പറഞ്ഞയച്ചു. അവൻ ദാഹമുള്ളവനും ആയിരുന്നു. അതുകൊണ്ട് അവൻ സ്ത്രീയോട് കുടിക്കുവാൻ ചോദിച്ചു. എന്നാലും അവർ ഇരുവരും തിന്നുകയോ കുടിക്കുകയോ ചെയ്തില്ല എന്ന് കാണുന്നത് വിചിത്രമാണ്; എങ്കിലും ഇരുവരും സംതൃപ്തരായി. രക്ഷിക്കപ്പെട്ട പാപി രക്ഷകനാൽ സംതൃപ്തയാകുകയും, രക്ഷകൻ രക്ഷിക്കപ്പെട്ട പാപിയാൽ സംതൃപ്തനാകുകയും ചെയ്തു. സ്ത്രീ കിണറും പാത്രവും ഉപേക്ഷിച്ച് ക്രിസ്തുവിനെക്കുറിച്ച് പറയുവാൻ പട്ടണത്തിലേക്ക് ഓടിയതിൽനിന്നും നമുക്കിത് അറിയുവാൻ കഴിയും. ഇത് ക്രിസ്തുവാണോ എന്ന് ജനം വന്നുകാണുവാൻ തക്കവണ്ണം അവൾ സംതൃപ്തയായിരുന്നു. കർത്താവായ യേശുവും സംതൃപ്തനായിരുന്നു. കാരണം, ഭക്ഷണവുമായി മടങ്ങി വന്ന് തന്നോട് ഭക്ഷിക്കുവാൻ പറഞ്ഞ ശിഷ്യന്മാരോട് അവൻ, “നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിക്കുവാൻ എനിക്ക് ഉണ്ട്,”എന്നു പറഞ്ഞു(4:32). വല്ലവനും അവനു ഭക്ഷിക്കുവാൻ കൊണ്ടുവന്നുവോ എന്നു ശിഷ്യന്മാർ തമ്മിൽ പറഞ്ഞപ്പോൾ അവൻ പറഞ്ഞു,“എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതു തന്നെ എന്റെ ആഹാരം”(4:34). തന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുക എന്നതായിരുന്നു കർത്താവിന്റെ ഭക്ഷണം, അതിന്റെ അർത്ഥം പാപികളെ രക്ഷിക്കുകയും സംതൃപ്തരാക്കുകയും ചെയ്യുക എന്നതായിരുന്നു അവന്റെ ഭക്ഷണം. പാപികളായ, നാമാണ് രക്ഷകന്റെ സംതൃപ്തി. കർത്താവ് വിശപ്പുള്ളവനാണ് എന്ന് നിങ്ങളുടെ വിശപ്പ് സൂചിപ്പിക്കുന്നു. കർത്താവ് ദാഹമുള്ളവനാണ് എന്ന് നിങ്ങളുടെ ദാഹം സൂചിപ്പിക്കുന്നു. എന്നാൽ നിങ്ങൾ സംതൃപ്തനാകുമ്പോൾ, കർത്താവും സംതൃപ്തനാകുന്നു. ഭൂമിയിൽ ദാഹമുള്ള പാപികൾ ഉണ്ടായിരിക്കുന്നിടത്തോളം, കർത്താവ് സ്വർഗ്ഗത്തിൽ ദാഹമുള്ളവനായിരിക്കുന്നു. പാപികൾ സംതൃപ്തരാകുമ്പോൾ, രക്ഷകൻ സംതൃപ്തനാകുന്നു. കർത്താവ് ശമര്യയിലേക്ക് വന്നത് ഒരു ഉദ്ദേശ്യത്തോടുകൂടെയായിരുന്നു: ആ പാപിയെ കണ്ടെത്തുവാനും അവളെ സംതൃപ്തയാക്കുവാനും. ഇത് ചെയ്തതിനാൽ, അവൻ ദൈവത്തിന്റെ ഇഷ്ടം നിർവ്വഹിച്ചു. ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നത് അവന്റെ ഭക്ഷണവും സംതൃപ്തിയുമായിരുന്നു.

## C. അത്ഭുതകരമായ ഒരു വിളവ് കൊയ്തെടുത്തു

35-ാം വാക്യത്തിൽ കർത്താവ് ഇങ്ങനെ പറഞ്ഞു,"ഇനി നാലു മാസം കഴിഞ്ഞിട്ടു കൊയ്ത്തു വരുന്നു എന്ന് നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾതന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നത് കാണും."നിലങ്ങൾ ഇപ്പോൾ തന്നെ വെളുത്തിരിക്കുന്നു എന്ന് കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു. അതുകൊണ്ട്, അവർ പോയി വിളവ് കൊയ്തെടുക്കണം. ഈ തത്ത്വം ഇന്നും ശരിയാണ്. ഇത് സുവിശേഷം പ്രസംഗിക്കുവാനുള്ള സമയം അല്ല എന്ന് നാം ഒരിക്കലും പറയരുത്. നാം നിലത്തിലേക്ക് നോക്കിയാൽ കർത്താവിനുവേണ്ടി യഥാർത്ഥത്തിൽ ദാഹിക്കുന്ന കുറെ ആളുകളെ നാം കാണും. അതുകൊണ്ട്, നാം ക്രിസ്തുവിനെ അവരിലേക്കും അവരെ ക്രിസ്തുവിലേക്കും കൊണ്ടുവരണം. ഇങ്ങനെയാണ് അവരെ ക്രിസ്തുവിനു വേണ്ടി കൊയ്തെടുക്കേണ്ടത്.

"കൊയ്യുന്നവൻ കൂലി വാങ്ങി നിത്യജീവങ്കലേക്കു വിളവു കൂട്ടിവയ്ക്കുന്നു,"എന്ന് 36-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു."നിത്യജീവങ്കലേക്ക്''(**unto eternal life**) എന്ന ശൈലിയും 14-ാം വാക്യത്തിലെ"നിത്യജീവനിലേക്ക്"എന്നതും ഗ്രീക്കിൽ ഒന്നുതന്നെയാണ്. ഈ അദ്ധ്യായത്തിൽ രണ്ടു പ്രാവശ്യം കർത്താവ് ഇത് ഉപയോഗിച്ചിരിക്കുന്നു. ഒന്നാമത് നാം അവനെ സ്വീകരിക്കുകയാണെങ്കിൽ അവൻ നമ്മുടെ ഉള്ളിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന ഒരു നീരുറവ അഥവാ തടാകം ആയിത്തീരും എന്നു അവൻ പറഞ്ഞു(4:14). ക്രിസ്തു നമ്മിൽ നിത്യജീവങ്കലേക്ക് നുരഞ്ഞു പൊങ്ങുന്ന ഒരു കിണറോ, തടാകമോ ആയിരിക്കും. രണ്ടാമത്, അവൻ ഈ ശൈലി ഉപയോഗിച്ചത് അവൻ തന്റെ ശിഷ്യന്മാരെ നിത്യജീവങ്കലേക്ക് വിളവ് കൂട്ടിവയ്ക്കുവാൻ വിളവ് കൊയ്യുവാനായി പോകുവാൻ ഉത്സാഹിപ്പിച്ചപ്പോൾ ആയിരുന്നു. അതായത്, നിങ്ങൾ രക്ഷിക്കപ്പെടുകയും ക്രിസ്തുവിനാൽ സംതൃപ്തനാകുകയും ചെയ്തു കഴിഞ്ഞാൽ, നിങ്ങൾ ആളുകളെ നിത്യജീവന്നായി ക്രിസ്തുവിലേക്ക് കൊണ്ടുവരണം. ആദ്യം നിങ്ങൾക്ക് നിത്യജീവനായി ക്രിസ്തുവിനെ നിങ്ങൾ സ്വീകരിക്കണം. പിന്നെ, നിങ്ങൾ നിത്യജീവന്നായി ക്രിസ്തുവിനെ സ്വീകരിക്കുവാൻ മറ്റുള്ളവരെ കൊണ്ടുവരണം. നിത്യജീവനിലേക്ക് പൊങ്ങിവരുന്ന നിങ്ങളിലുള്ള നീരുറവയായി നിങ്ങൾക്ക് സ്വീകരിക്കുവാനായി ഒരു ക്രിസ്തുവും, നിത്യജീവങ്കലേക്ക് ഫലം കൊയ്തെടുക്കുവാൻ നിങ്ങൾക്ക് ഒരു വിളവുമുണ്ട്. ശമര്യക്കാരി സ്ത്രീ കൃത്യമായി ഈ രണ്ടു കാര്യങ്ങളും ചെയ്തു. ഒരു വശത്ത്, അവൾ ക്രിസ്തുവിനെ നിത്യജീവന്നായുള്ള ആന്തരിക ഉറവയായി സ്വീകരിച്ചു. മറുവശത്ത്, അവൾ നിത്യജീവന്നായുള്ള ഫലമായി തന്റെ ആളുകളെ ചേർക്കുവാൻ നിലം കൊയ്യുവാനായി പോയി.

36-ഉം 37-ഉം വാക്യങ്ങളിൽ കർത്താവ് വിതയെ സൂചിപ്പിക്കുന്നു. ആരാണ് ഈ വിത നടത്തിയത്? യോഹന്നാൻ സ്നാപകൻ ശമര്യയിലേക്ക് പോയില്ല. ചില ആളുകൾ ചിന്തിക്കുന്നത് യോഹന്നാന്റെയോ കർത്താവായ യേശുവിന്റെയോ ചില ശിഷ്യന്മാർ ആ സമയത്തിനു മുമ്പ് സുവിശേഷം പ്രസംഗിക്കുവാൻ ശമര്യയിൽ പോയിരുന്നു എന്നാണ്. എന്നാൽ ഞാനത് വിശ്വസിക്കുന്നില്ല. നമുക്ക് വിശ്വസിക്കാവുന്നത്, വിത്ത് വിതച്ചത് പഴയനിയമമാണ് എന്നാണ്. ശമര്യക്കാർക്ക് പഴയനിയമത്തിലെ അഞ്ച് പുസ്തകങ്ങൾ സുപരിചിതമായിരുന്നു. അതുകൊണ്ട്, അത്ര വ്യക്തവും പൂർണ്ണവും ആയിട്ടല്ലങ്കിലും അവർക്ക് ദൈവത്തെയും മശിഹായെ, ക്രിസ്തുവിനെ, സംബന്ധിച്ച ചിലതും അറിയുവാൻ ഇടവന്നു. ശമര്യക്കാർ ജാതികളെപ്പോലെ ആയിരുന്നില്ല. പഴയനിയമത്തിലൂടെ അവർക്ക് ദൈവത്തെയും ക്രിസ്തുവിനെയും സംബന്ധിച്ച് കുറെ അറിവ് ലഭിച്ചിരുന്നു. അതായിരുന്നു വിത്ത് എന്ന് ഞാൻ വിശ്വസിക്കുന്നു. അതേ, ശമര്യക്കാരി സ്ത്രീയിൽ പ്രവർത്തിച്ചത് കർത്താവിന്റെ പ്രബലമായ ആത്മാവായിരുന്നു. എന്നിരുന്നാലും, അവൾക്ക് ജാതികളെപ്പോലെ വേദപുസ്തകത്തെക്കുറിച്ച് ഒരറിവും ഇല്ലാത്തവൾ ആയിരുന്നുവെങ്കിൽ, ആ പ്രവൃത്തി അവളിൽ ഇത്ര പ്രബലമായും വേഗത്തിലും നടക്കുമായിരുന്നു എന്ന് ഞാൻ ചിന്തിക്കുന്നില്ല. അവൾ ആദ്യം ചിലത് പറയുന്നതുവരെ കർത്താവായ യേശുവിന് ദൈവത്തെക്കുറിച്ച് ഒന്നും പറയേണ്ടിവന്നില്ല. ദൈവത്തെയും ക്രിസ്തുവിനെയും കുറിച്ചുള്ള സംഭാഷണത്തിന് മുൻകൈ എടുത്തത് അവളായിരുന്നു."സ്ത്രീയേ ഒരു ദൈവം ഉണ്ടെന്ന് നീ വിശ്വസിക്കുന്നുണ്ടോ? നിനക്ക് ക്രിസ്തുവിനെ അറിയാമോ?"എന്ന് കർത്താവായ യേശു പറഞ്ഞില്ല. കർത്താവ് കുടിക്കുവാൻ വെള്ളം ആവശ്യപ്പെടുക മാത്രമേ ചെയ്തുള്ളു. ഒരു ശമര്യക്കാരി സ്ത്രീയോട് വെള്ളം ആവശ്യപ്പെട്ടതിനെ അവൾ കുറ്റപ്പെടുത്തിയപ്പോൾ, അവൻ അവളോട് ദൈവത്തിന്റെ ദാനത്തെക്കുറിച്ച് പറഞ്ഞു. ഈ സ്ത്രീ, ദൈവത്തെയും ക്രിസ്തുവിനെയും സംബന്ധിച്ച ചിലത് നേരത്തെ അറിഞ്ഞിരുന്നു എന്നാണ് കർത്താവിന്റെ വാക്കുകളിൽനിന്ന് നമുക്ക് കാണുവാൻ കഴിയുന്നത്. അവർക്ക് ലഭ്യമായിരുന്ന പഴയനിയമത്തിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങളുടെ പ്രവർത്തനഫലമായിരുന്നു അത്. അതുകൊണ്ട്, കർത്താവായ യേശുവും അവന്റെ ശിഷ്യന്മാരും വരുന്നതിനു മുമ്പ് അനേകം ആളുകൾ ഒരുക്കപ്പെട്ടു കഴിഞ്ഞിരുന്നു.

അമേരിക്കൻ ഐക്യനാടുകളിലും ഇത് ശരിയാണ്. ഈ രാജ്യത്ത് ആകമാനം വിത്ത് വിതയ്ക്കപ്പെട്ടിട്ടുണ്ട്. വിളവ് കൊയ്ത്തിന് ശരിക്കും പാകമാണ് എന്ന് നാം തിരിച്ചറിയണം. മറ്റു ശുശ്രൂഷകരാലും കഴിഞ്ഞ കാലങ്ങളിലെ കർത്താവിന്റെ ദാസന്മാരാലും അനേകം ആളുകൾ ഒരുക്കപ്പെട്ടിരിക്കുന്നു. അനേകം ആളുകൾ തങ്ങളുടെ ഹൃദയങ്ങളിലും ആത്മാവിലും അവരുടെ സംതൃപ്തിയായി ക്രിസ്തുവിനെ സ്വീകരിക്കുവാനും അവനുമായി സംസർഗ്ഗം ചെയ്യുവാനും ഒരുക്കപ്പെട്ടി

രിക്കുന്നു. എങ്കിലും അതെങ്ങനെ ചെയ്യണമെന്ന് അവർക്ക് അറിഞ്ഞുകൂടാ. അമേരിക്കയിൽ അവിശ്വാസികൾക്കും നിരീശ്വരവാദികൾക്കും കൂടെ ദൈവത്തെയും ക്രിസ്തുവിനെയും കുറിച്ച് കുറെയെല്ലാം അറിയാം. അവർ രക്ഷയെക്കുറിച്ചുപോലും കേട്ടിരിക്കുന്നു. നാം ചെയ്യേണ്ടിയിരിക്കുന്നത് വിതക്കപ്പെട്ടിരിക്കുന്നതിനെ കൊയ്തെടുക്കുക എന്നതാണ്. ശമര്യക്കാരി സ്ത്രീ ക്രിസ്തുവിനെക്കുറിച്ചുള്ള ഉപദേശങ്ങളുമായിട്ടല്ല തന്റെ ആളുകളുടെ അടുക്കൽ ചെന്നത്. അവൾ ആദ്യം ക്രിസ്തുവിനെ നേടുകയും തുടർന്ന് ക്രിസ്തുവുമായി അവരുടെ അടുക്കൽ ചെല്ലുകയും ചെയ്തു.

സ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കു നിമിത്തം ആ പട്ടണത്തിലെ പല ശമര്യക്കാരും അവനിൽ വിശ്വസിച്ചു, എന്ന് 39-ാം വാക്യം പറയുന്നു. ശമര്യക്കാരി സ്ത്രീയുടെ ജീവിക്കുന്ന സാക്ഷ്യത്തിലൂടെ മറ്റനേകം പാപികളും കർത്താവിലേക്ക് നടത്തപ്പെട്ടു. കർത്താവിനെ സന്ധിച്ചപ്പോൾ അവരെല്ലാം വിശ്വസിക്കുകയും അവനെ തങ്ങളുടെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു. ഇത് അവളുടെ ജീവിക്കുന്ന സാക്ഷ്യത്തിലൂടെ ഉള്ള അത്ഭുതകരമായ വിളവെടുപ്പ് ആയിരുന്നു.

ഉപസംഹാരമായി, ആദ്യത്തെ രണ്ട് ദൃഷ്ടാന്തങ്ങൾ രണ്ടുകാര്യങ്ങൾ വ്യതിരിക്തമായി വ്യക്തമാണെന്ന് കാണുവാൻ നമുക്ക് കഴിയും. ആദ്യത്തെ സംഭവം ക്രിസ്തു വീണ്ടുംജനനത്തിലൂടെ അഥവാ പുനർജനനത്തിലൂടെ നമുക്ക് ദിവ്യജീവൻ കൊണ്ടുവന്നു എന്ന് കാണിക്കുന്നു. രണ്ടാമത്തെ സംഭവം ക്രിസ്തു നമുക്ക് സംതൃപ്തി കൊണ്ടുവന്നു എന്ന് കാണിക്കുന്നു. നമ്മുടെ അനുഭവത്തിനനുസൃതമായി ഈ രണ്ടു വശങ്ങളും സ്ഥിരീകരിക്കാവുന്നതാണ്. നാം ആദ്യം ക്രിസ്തുവിനെ സ്വീകരിച്ചപ്പോൾ, നാം ദിവ്യജീവനാൽ വീണ്ടുംജനിച്ചു അഥവാ പുനർജനിച്ചു. പിന്നീട് നാം ജീവനുള്ള വെള്ളത്താൽ സംതൃപ്തരായി. ഈ രണ്ടു സംഭവങ്ങൾ ക്രിസ്തു നമ്മുടെ ജീവനാകുന്നതിന്റെ രണ്ടു വ്യത്യസ്ത വശങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന അടയാളങ്ങളാണ്. സുവിശേഷം അത്ഭുതങ്ങളെക്കുറിച്ചുള്ള കഥകളെന്ന പോലെ നാം വെറുതെ വായിക്കരുത്. നാം ഈ വിവരണങ്ങൾ ആലങ്കാരികമായ പ്രസ്താവനകൾ എന്നപോലെ വായിക്കുകയും, ഈ അടയാളങ്ങളുടെ ആത്മീയ അർത്ഥങ്ങൾ കണ്ടെത്തുകയും ചെയ്യണം. അപ്പോൾ നാം മനുഷ്യന്റെ ജീവനും സംതൃപ്തിയുമായ ക്രിസ്തുവിനെ സംബന്ധിച്ച ആത്മീയവും ജീവനുള്ളതുമായ തത്ത്വങ്ങൾ കണ്ടെത്തും.